നാട്ടുകാര്യം കാണും. അഹമ്മദിനേക്കാൾ അവിടത്തെ നാട്ടുകാരെപ്പറ്റി 100 ശതമാനവും എനിക്കറിയാവുന്നതാണ്. അത്തരത്തിലുള്ള ഒരു സമീപനം കൈക്കൊള്ളുന്നില്ല എന്നിട്ട് പ്രതിപക്ഷത്തിന്റെ തലക്ക് കുത്തി വെക്കണ്ട.

ശ്രീ. ഇ. അഹമ്മദ് ഏതായാലും ബഹുമാനപ്പെട്ട നായനാർ ഇത്രയും വലിയ സ്വാഗതാർഹമായ തീരുമാനമെടുത്തതുകൊണ്ട് അത് സംബന്ധിച്ചുള്ള കാര്യങ്ങൾ ഞാൻ ഉടനെ അന്വേഷിച്ച് നടപടിയെടുക്കുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ രാജ്യത്തിന്റെ സമതുലിതമായ വ്യാവസായിക വികസനത്തെ പരിഗണിക്കാതെയും, പ്രാദേശികമായ വിഭാഗീയ പരിഗണനകൾ വച്ചുമാണ് എന്നുള്ള ഒരു വിമർശനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒട്ടും ശരിയല്ല. എവിടെയെല്ലാം വ്യവസായം ആരംഭിക്കാൻ ആരെല്ലാം മുന്നോട്ടു വരുന്നോ, അവരെയൊക്ക സഹായിക്കും. പക്ഷേ ഇൻഡ്യാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം No Industrial ഡിസ്ട്രിക്ട്, ഇൻഡസ്ട്രിയലി മോസ്റ്റ് ബാക്ക്വാഡ് ഡിസ്ട്രിക്ട്, ഇൻഡസ്ട്രിയലി ബാക്ക്വാഡ് സിസ്ട്രിക്ട് ഇങ്ങനെ മൂന്ന് കാറ്റഗറിയായി തിരിച്ചിട്ടുണ്ട്. അവിടങ്ങളിൽ പ്രത്യേകമായ ആനുകൂല്യം ഇൻഡ്യാ ഗവൺമെന്റ് നൽകുന്നുമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭകർ മുന്നോട്ടുവരുമ്പോൾ അതിനുള്ള സഹായങ്ങൾ കൊടുക്കുകയാണ് ചെയ്യുന്നത്. ഒരിക്കലും വിഭാഗീകമായി യാതൊരു നിലപാടും ഈ ഗവൺമെന്റ് ചെയ്തിട്ടില്ല.

ഐ. ഡി. ബി. ഐ. യുടെ സഹായം ലഭിച്ച ഇടത്തരം വ്യവസായങ്ങൾ

* 426 [456] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
,, സി. ടി. കൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് 24-ന് ശേഷം ഐ. ഡി. ബി. ഐ. യുടെ സഹായ സംസ്ഥാനത്തെ ഇടത്തരം വ്യവസായങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, എത്ര വ്യവസായങ്ങൾക്ക് ; എത്രമാത്രം ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഉണ്ട്.

(ബി) 200.64 കോടി രൂപ സാങ്ഷനായതിൽ 156.57 കോടി രൂപ ലഭ്യമായി.

വ്യവസായങ്ങളുടെ എണ്ണം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഈ 206 കോടി രൂപ അനുവദിച്ചതിൽ 150 കോടി രൂപയാണ് ഉപയോഗിച്ചതായി പറഞ്ഞത്. ബാക്കി 50 കോടിയുടെ ചെലവ് വരാതിരിക്കാൻ പ്രത്യേക കാരണമെന്താണ് ?

ശ്രീ. ഇ. അഹമ്മദ് : ഐ. ഡി. ബി. ഐ. സഹായം കൊടുക്കുന്നത് ഓരോ ഘട്ടം ഘട്ടമായാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതുവരെ കൊടുത്തു കഴിഞ്ഞതിനെ സംബന്ധിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്. ബാക്കി ഇതിന്റെ ഇടയ്ക്കുതന്നെ അതിന്റെ യൂട്ടിലൈസേഷൻ വരുന്നതനുസരിച്ച് കൊടുക്കും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഇത് അനുവദിക്കുന്നത് ഓരോ വർഷത്തേക്കാണോ, അതോ അഞ്ചു വർഷത്തേക്കാണോ? അത് ഓരോ സ്കീമിനും പ്രത്യേകമായിട്ടാണോ ? അങ്ങനെയാണെങ്കിൽ ഏതെല്ലാം വ്യവസായങ്ങൾക്കാണ് ഇത് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ? മാവേലിക്കരയിൽ പ്രവർത്തിക്കുന്ന വേണാട് ഫാർമസ്യൂട്ടിക്കൽസ് എന്നുപറയുന്ന വ്യവസായത്തിന് ഈ ഐ. ഡി. ബി. ഐ. യുടെ സഹായം ലഭിച്ചിട്ടുണ്ടോ ; അതിന്റെ വികസനത്തിനുവേണ്ട സഹായം സ്വീകരിച്ച് അത് വിപുലപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ഐ. ഡി. ബി. ഐ. സഹായം നൽകുന്നത് സ്റ്റേറ്റ് സെക്രട്ടറിലും, ജോയിന്റ് സെക്രട്ടറിലും, പ്രൈവറ്റ് സെക്ടറിലും ആണ്. അത് ഓരോ വർഷവും പല നിലയിലാണ് കൊടുക്കുന്നത്. ഒന്നാമതായി സ്മാൾ സ്കെയിൽ സെക്ടറിന് കൊടുക്കും, രണ്ടാമത് ബാക്ക്വേഡ് ഏരിയാസിന് കൊടുക്കും, മൂന്നാമത് എം. ആർ. ടി. പി. കമ്പനികൾക്ക് കൊടുക്കും, നാലാമതായി സീഡ് ക്യാപ്പിറ്റൽ അസിസ്റ്റൻസിന് കൊടുക്കും, അടുത്തതായി പബ്സെറ്റ് ലോൺ അസിസ്റ്റൻസിനു കൊടുക്കും. അങ്ങനെ വിവിധ ഘട്ടങ്ങളിലാണ്. ഓരോ കൊല്ലം കൊല്ലമായിട്ടാണ് കൊടുക്കാറുള്ളത്. 1980-'81-ൽ 144.8 കോടി ആയിരുന്നതിൽ 1981-82-ൽ 1630 കോടി രൂപയായി. 1982-'83-ൽ 1912 കോടിയായി. 1983-'84-ൽ 2471 കോടി ആയി. 1984-1985-ൽ 3532 കോടി ആയി. ഇങ്ങനെ ഓരോ വർഷവും വർദ്ധിച്ചു വരികയാണ് ചെയ്യുന്നത്. അത് ഓരോ സെക്ടറനുസരിച്ചാണ് കൊടുക്കാറുള്ളത്. സ്മാൾ സ്കെക്ടർ, ബാക്ക്വേഡ് ഏരിയാസ് അങ്ങനെയാണ്. ഇത് കൊടുക്കുന്നതു മുഴുവനും ഐ. ഡി. ബി. ഐ. യാണ്. ഐ.ഡി.ബി.ഐ. യുടെ അസിസ്റ്റൻസ് എത്ര കൊടുത്തെന്ന് അവരെ അറിയിച്ചാൽ .....

ശ്രീമതി കെ. ആർ. ഗൗരി : ഈ സീഡ് ക്യാപിറ്റൽ പദ്ധതിയനുസരിച്ച് ഐ.ഡി.ബി.ഐ. കൊടുത്തിരിക്കുന്ന തുക എത്രയാണെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : സീഡ് ക്യാപിറ്റൽ അസിസ്റ്റൻസായി അവർ കൊടുത്തിട്ടുണ്ട്. 1979-1980-ൽ 35 കോടി രൂപ കൊടുത്തു. 1985-1986-ൽ അത് 254 കോടിയായി വർദ്ധിച്ചിരിക്കുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി : കെ.എസ്.ഐ.ഡി.സി. ലൊറർ ഓഫ് ഇൻഡൻറ് കൊടുത്തിട്ടുള്ള ഏതെങ്കിലും വ്യവസായത്തിന് സീഡ് ക്യാപ്പിറ്റൽ കൊടുക്കാത്തതുകൊണ്ട് നടക്കാതെ വന്നിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : അത് പ്രത്യേകം ഒരു ചോദ്യമായി ഉന്നയിച്ചാൽ മറുപടി പറയാവുന്നതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : 7-ാം പദ്ധതിയിൽ ഐ.ഡി.ബി.ഐ. യുടെ സഹായത്തിനു വേണ്ടിയുള്ള വ്യവസായത്തിന്റെ പ്രയോറിറ്റി സെക്ടർ നിശ്ചയിക്കുന്നതിന് സംസ്ഥാന വ്യവസായ വകുപ്പ് നമ്മുടെ സംസ്ഥാനത്തിലെ പ്രയോറിറ്റിയിൽ ഉൾപ്പെടുത്തേണ്ട ലിസ്റ്റോ, നിർദ്ദേശങ്ങളോ നൽകിയിട്ടില്ലാത്തതുകൊണ്ട് സ്റ്റേറ്റ് ഇൻസന്റീവ് പ്രയോറിറ്റി സെക്ടറിൽ ഒരു വ്യവസായവും വരുന്നതല്ല. അതുകൊണ്ട് ഈ സഹായം കിട്ടുന്നതിന് ബുദ്ധിമുട്ടാണെന്നുള്ള ആക്ഷേപം ഉയർന്നുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആ വസ്തുത ശരിയാണോ ? ആണെങ്കിൽ അത് റെക്റ്റിഫൈ ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : സംസ്ഥാന ഗവൺമെന്റ് അങ്ങനെ പ്രത്യേകം പ്രയോറിറ്റികൊ വയ്ക്കാറില്ല. പക്ഷേ ഇൻഡ്യാ ഗവൺമെന്റ് പ്രയോറിറ്റി സെക്ടറിൽ ഉൾപ്പെടുത്തിയതിനെ ഇവിടെ നടപ്പിലാക്കാൻവേണ്ടി ശ്രമിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : 7-ാം പദ്ധതിയിൽ ഇൻഡ്യാ ഗവൺമെന്റ് പ്രയോറിറ്റി സെക്ടറിൽ ഉൾപ്പെടുത്തേണ്ട വ്യവസായങ്ങളെക്കുറിച്ച് യാതൊരു നിർദ്ദേശവും സംസ്ഥാന വ്യവസായ വകുപ്പ് സമർപ്പിച്ചിട്ടില്ലാത്തതുകൊണ്ട് നമ്മുടെ സ്റ്റേറ്റിനെ ആധാരമാക്കിയിട്ടുള്ള വ്യവസായങ്ങൾ അതിൽപ്പെടുന്നില്ല. അതുകൊണ്ട് ഈ ഐ. ഡി. ബി. ഐ. യിൽനിന്നുള്ള സഹായം കിട്ടുന്നതിന് 7-ാം പദ്ധതിയിൽ സാദ്ധ്യതയില്ലാത്ത ഒരു സാഹചര്യം സംജാതമായിട്ടുണ്ട്. ഇങ്ങനെ ഒരു ആക്ഷേപം ഉയർന്നു വന്നിട്ടുള്ളത് ശരിയായ വസ്തുതയാണോ ? അത് റെക്ടിഫൈ ചെയ്യുന്നതിന് എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോയെന്നുള്ളതാണ് ചോദ്യം.

ശ്രീ. ഇ. അഹമ്മദ് : സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള നിർദ്ദേശാനുസരണം അപ്പപ്പോൾ കൊടുക്കാറുണ്ട്. ഉദാഹരണമായി ഇലക്ട്രോണിക്സ് വ്യവസായത്തിന്. കൂടുതൽ ഊന്നൽ കൊടുക്കണമെന്ന് പറഞ്ഞപ്പോൾ അതനുസരിച്ച് കഴിയുന്ത്ര ഇലക്ട്രോണിക്സ് അടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ രൂപീകരിക്കാനും, സ്ഥാപിക്കാനും, സംസ്ഥാന ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ഇലക്ട്രോണിക്സ് വ്യവസായത്തിൽ പ്രയോറിറ്റി കൊടുക്കണമെന്നുള്ള ഇൻഡ്യാ ഗവൺമെന്റിന്റെ നയത്തിനനുസൃതമായി സ്റ്റേറ്റ് ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇവിടെ വന്ന ആക്ഷേപം 7-ാം പദ്ധതിയിൽ പ്രയോറിറ്റി സെക്ടർ നിശ്ചയിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വ്യവസായ വകുപ്പ് അലംഭാവം കാണിക്കുകയും യാതൊരു നിർദ്ദേശവും വയ്ക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പ്രയോറിറ്റി സെക്ടറിൽ നമ്മുടെ സംസ്ഥാനത്തിനാധാരമായി ഒരു വ്യവസായവും വരുന്നില്ലെന്നുള്ളതാണ്. അതുകൊണ്ട് ഐ. ഡി. ബി ഐ. യുടെ സഹായം ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റുകളിലും കിട്ടുമ്പോൾ നമ്മുടെ സ്റ്റേറ്റ് മാത്രം അവഗണിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുന്നു. കൂട്ടാൻ സാധ്യതയില്ലാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുന്നുവെന്നുള്ളതാണ് ആക്ഷേപം. ആ വസ്തുത പരിഗണിച്ച്. സംസ്ഥാനത്തെ രക്ഷിക്കാൻ ഇനിയെങ്കിലും ഈ വ്യവസായവകുപ്പ് എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ, അതോ ഇത് നശിച്ചുപോകട്ടെയെന്നാണോ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. ഐ. ഡി. ബി. ഐ. അസിസ്റ്റൻസ് വാങ്ങുന്നതിൽ കേരളം പണ്ടത്തേക്കാളും മുന്നിലാണ്. മറ്റൊന്ന് ഇൻഡ്യാ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ലൈസൻസിംഗ് പോളിസിയിൽ തന്നെയുണ്ടായിട്ടുള്ള ബ്രോഡ് ബാൻറിംഗ് എന്നുള്ളതാണ് ഇന്നസെക്ടറുകൾവഴിയെല്ലാം ബ്രോഡ് ബാൻഡ് ചെയ്യണമെന്നുണ്ട്, കാരണം, സാമ്പത്തിക സഹായം ലഭ്യമാകണമെങ്കിൽ ഇന്നയിന്ന നോംസ് ഫിക്സ് ചെയ്തിട്ടുണ്ട്. ആ നോംസ് പ്രകാരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് കെ. എസ്. ഐ. ഡി. സി. ചെയ്തിട്ടുള്ളത്. ബ്രോഡ് ബ്രാൻറിംഗിനെ സംബന്ധിച്ചിടത്തോളവും ഡീ ലൈസൻസിംഗിനെ സംബന്ധിച്ചിടത്തോളവും ഇത് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇൻഡ്യാ ഗവൺമെൻറിൻെറ പോളിസിക്ക് അനുയോജ്യമായിട്ടാണ് ഇത് കൊടുക്കുന്നത്. അല്ലാതെ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയല്ല ചെയ്തത്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വ്യവസായികളായ ആളുകൾക്ക് അപ്പപ്പോൾതന്നെ നൽകുന്നുണ്ട്. അതിൻെറ ഫലമായിട്ടാണ് ഇത്രയും വ്യവസായങ്ങൾ ഇവിടെ വന്നിട്ടുള്ളത്.

ശ്രീ. തോമസ് കല്ലംപള്ളി: ഐ.ഡി.ബി.ഐ. നൽകുന്ന സഹായങ്ങൾ, ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങൾക്കും കിട്ടുന്ന സഹായമെത്രരൂപയാണെന്ന് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനങ്ങളിൽ ഏറ്റവും മോശമായ, ഏറ്റവും കുറഞ്ഞ തുക കിട്ടുന്ന സംസ്ഥാനം കേരളമാണെന്നുള്ളത് പരിഗണിച്ച് നമ്മുടെ തുക ഉയർത്താൻവേണ്ടി എന്തെങ്കിലും നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: ഐ. ഡി. ബി. ഐ. സഹായം ലഭ്യമാകുന്ന ഓരോ പ്രോജക്ടിനെ സംബന്ധിച്ചും ഐ. ഡി. ബി. ഐ. അതിൻെറ നോംസ് വച്ച് വകയിരുത്തേണ്ടതാണ്. ഒന്നാമതായിട്ട് ടെക്നോ ഇക്കണോമിക് വയബിലിറ്റി, അതിൻെറ പ്രൊഡക്ഷൻ, മാർക്കറ്റിംഗ് തുടങ്ങിയവയൊക്കെ നോക്കേണ്ടതാണ്. സംസ്ഥാന ഗവൺമെൻറിനെസംബന്ധിച്ച് വളരെക്കാലമായി വ്യാവസായിക പിന്നോക്കാവസ്ഥയനുസരിച്ചൊക്കെ ചില ജില്ലകളിൽ കൊടുക്കുന്നുണ്ട്. അതിനുംപുറമെ ഞാൻ നേരത്തെ പറഞ്ഞപ്രകാരം ഇന്ത്യാഗവൺമ്മെൻറുതന്നെ ഓരോ ജില്ലയെയും വ്യവസായരഹിതജില്ല, വ്യവസായികമായി വളരെ പിന്നോക്കംനിൽക്കുന്ന ജില്ല, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ല എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുകയാണ്. അതനുസരിച്ചുള്ള ഇൻവെസ്റ്റുമെൻറ് സബ്സിഡിയും മറ്റു സഹായങ്ങളുമൊക്കെ നൽകുന്നുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: നിലവിലുള്ള വ്യവസായങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കാനും ഐ. ഡി. ബി. ഐ. യുടെ സഹായം ലഭിക്കാറുണ്ട്. സീതാറാം മില്ലിൻെറ നവീകരണത്തിനുവേണ്ടി ഐ. ഡി. ബി. ഐ. യുടെ സഹായം നേടാനായി എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ? എന്താണ് അതിൻെറ സ്ഥിതി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഐ. ഡി. ബി. ഐ. യുമായി ആലോചിച്ചതിനു ശേഷമാണ് ബാങ്കുകളുടെ കൺസോഷ്യം ഉണ്ടാക്കിയത്. ഉദാഹരണമായിട്ട് ട്രാവൻകൂർ റയോൺസിന്റെ കാര്യംതന്നെയെടുക്കാം. ഐ. ഡി. ബി. ഐ. യെ സമീപിച്ചു. ഐ. ഡി. ബി. ഐ. ബാങ്കുകളുടെ ഒരു കൺസോഷ്യം ഉണ്ടാക്കി അതുമായി ഗൂഢാലോചന നടത്തി. അതുപോലെതന്നെ ഇതിനെസംബന്ധിച്ച് ഐ. ഡി. ബി. ഐ. യുടെ സഹായം ലഭ്യമാക്കിക്കൊണ്ട് പുനഃസംഘടിപ്പിക്കാനാണ് നടപടി എടുത്തുവരുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ : ഐ. ഡി. ബി. ഐ. യുടെ ഡയറക്ടർ ബോർഡിൽ കേരളത്തിൽനിന്നുള്ള പ്രതിനിധികളാരെല്ലാമാണ്. നമ്മുടെ സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന വ്യവസായങ്ങൾക്ക് ഐ. ഡി. ബി. ഐ. യുടെ റീ ഫിനാൻസ് കൊടുക്കാത്തതുകാരണം ആ വ്യവസായങ്ങളൊന്നും ആരംഭിക്കാൻ കഴിയുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഫോർമാലിൻ പ്ലാന്റിന് ഐ. ഡി. ബി. ഐ. യുടെ റീ ഫിനാൻസ് കിട്ടാത്തതുകൊണ്ട് പൂട്ടിക്കിടക്കുകയാണെന്ന വിവരം ഗവൺമെന്റിനറിയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഐ. ഡി. ബി. ഐ. യുടെ ഡയറക്ടർ ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണെന്നുള്ള വിവരം അറിയില്ലെങ്കിലും ഇവിടത്തെ കെ. എഫ്. സി. യുടെ പ്രതിനിധി അതിലെ പ്രധാന അംഗങ്ങളിൽ ഒരാളാണ്. പിന്നെ മിക്ക വ്യവസായങ്ങൾ എന്നു പറഞ്ഞത് ശരിയല്ല. പണ്ടേ തുടങ്ങിയ ചില വ്യവസായങ്ങളുണ്ട്. ചിലതൊക്കെ സിക്ക് ആകുകയും ഫോർ മാറ്റിംഗിനെപ്പോലെ വിഷമമായതുകൊണ്ട് ഐ. ഡി. ബി. ഐ. യെ അതിന്റെ നടത്തിപ്പിനെസംബന്ധിച്ച് അഭിപ്രായം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിപ്പോൾ വീണ്ടും കയർ കോർപ്പറേഷനുമായി അമാൽഗമേറ്റ് ചെയ്തു.

ശ്രീ. എ. വി. താമരാക്ഷൻ : ഞാൻ പറഞ്ഞത് ഫോർമാലിൻ പ്ലാന്റിന്റെ കാര്യമാണ്. ഫോർമാലിൻ പ്ലാന്റിന് ഐ. ഡി. ബി. ഐ. യുടെ റീ ഫിനാൻസ് കൊടുക്കാത്തത് ബോംബെയിലുള്ള സ്ഥാപനങ്ങളെ ബാധിക്കുമെന്നുള്ളതുകൊണ്ടാണ്. ബോംബെയിലുള്ള വ്യവസായസ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുമെന്നുള്ളതുകൊണ്ട് 90 ലക്ഷം രൂപയിൽപ്പരം ചെലവഴിച്ച ഫോർമാലിൻ പ്ലാന്റിന് ഐ. ഡി. ബി. ഐ. യുടെ റീ ഫിനാൻസ് കൊടുക്കുന്നില്ല. ഐ. ഡി. ബി. ഐ. യുടെ ഡയറക്ടർ ബോർഡിലെ കേരളത്തിലുള്ള ആളുകൾ ഈ സംസ്ഥാനത്തിനുവേണ്ടി വാദിക്കാത്തതുകൊണ്ട് നമ്മുടെ അവകാശങ്ങൾ നമുക്ക് നിഷേധിക്കപ്പെടുന്നില്ലേ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രത്യേക പ്രോജക്ടിനെപ്പറ്റിയുള്ള ഡീറ്റെയിൽസ് എന്റെ കൈവശം ഇല്ല. അത് നോക്കാതെ എനിക്ക് അതേപ്പറ്റി ഒന്നും പറയാൻ കഴിയില്ല.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ : ഐ. ഡി. ബി. ഐ. യുടെ സഹായം ഈ സംസ്ഥാന ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിക്കുകയാണെന്ന് പറഞ്ഞു. വിവിധ വ്യവസായസ്ഥാപനങ്ങൾക്കായി നമുക്ക് എത്രരൂപയുടെ സഹായം ഐ. ഡി. ബി. ഐ. യിൽ നിന്നും കിട്ടിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും നാം ഇപ്പോഴും പിന്നിൽ നിൽക്കേണ്ടിവരുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ഐ. ഡി. ബി. ഐ. യിൽനിന്നും കിട്ടിയ സഹായത്തെപ്പറ്റി പറഞ്ഞു. 1982-86 വരെ ചെറുകിട സെക്ടറിലേയ്ക്ക് കിട്ടിയത് 129.60 കോടി രൂപയാണ്. ലാർജ് ആൻറ് മീഡിയം ഇൻഡസ്ട്രീസിനു സാങ്ഷൻ ചെയ്തത് 200.64 കോടിരൂപയാണ്. അതിൽ 156.57 കോടിരൂപ കിട്ടിക്കഴിഞ്ഞുവെന്നാണ് ഞാൻ പറഞ്ഞത്. അതിൽ ചിലത് സിക്ക് റിവൈൽവിനും ചിലത് വ്യാവസായിക വികസനത്തിനും ചിലത് ഡൈവേർസിഫിക്കേഷനുമായിരിക്കും. അത് ഐ. ഡി. ബി. ഐ. മാത്രം നിശ്ചയിക്കുന്ന കാര്യമാണ്.

ശ്രീ. ബെന്നിബഹനാൻ: പൂട്ടിക്കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറക്കുന്നതിനുവേണ്ടി ഐ. ഡി. ബി. ഐ. യുടെ സാമ്പത്തിക സഹായം നൽകാമെന്നുപറഞ്ഞ് വാഗ്ദാനം ഉണ്ടായിരുന്നു. അത് കൊടുത്തോ? എത്ര രൂപ ലഭിച്ചു. ഇതനുസരിച്ച് ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കാൻ ഇടയായിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറക്കാനായി ഐ. ഡി. ബി. ഐ. യാണ് മുൻകൈ എടുത്തത്. ഐ. ഡി. ബി. ഐ. യാണ് ബാങ്കുകളുടെ കൺസോഷ്യം രൂപവൽക്കരിച്ചത്. ബാങ്കുകൾ അതിന്റെ മുഴുവൻ പങ്കു അതിൽ വഹിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അവർ കൂടുതൽ തൊഴിലാളികളെ എടുത്തുകൊണ്ടിരിക്കുകയാണ്. എനിക്ക് ഒരാഴ്ചമുമ്പ് കിട്ടിയ കണക്കുപ്രകാരം പൂട്ടിക്കിടന്ന ഈ വ്യവസായസ്ഥാപനത്തിൽ അറുന്നൂറിലധികം തൊഴിലാളികൾ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: ഐ. ഡി. ബി. ഐ. യുടെ സഹായത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സിനു ഐ. ഡി. ബി. ഐ. യുടെ സഹായം നിർത്തിവയ്ക്കാനുള്ള കാരണമെന്താണ്? രണ്ടുവർഷത്തോളമായി അടഞ്ഞുകിടക്കുന്ന ഈ ഫാക്ടറി ഐ. ഡി. ബി. ഐ. യുടെ സഹായത്തോടുകൂടി തുറന്നുപ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഞാൻ അത് ഇതിനുമുമ്പ് ഈ സഭയിൽ പറഞ്ഞതാണ്. കഴിഞ്ഞ രണ്ടുവർഷമായി സമരമുണ്ടായിട്ട് സാമ്പത്തിക വിഷമമുണ്ടായി. ഇപ്പോഴുള്ള റിവൈവൽ പ്രോജക്ട് അംഗീകരിക്കുന്നതിനുമുമ്പ് ഐ. ഡി. ബി. ഐ. യ്ക്കുകൂടി സമർപ്പിക്കുന്നതാണ്. അതിനുള്ള ചർച്ചകളാണ് നടക്കുന്നത്.

ശ്രീ. എം. വി രാഘവൻ: സഹകരണ ആശുപത്രികൾ ഈ ഇൻഡസ്ട്രിയുടെ കൂട്ടത്തിൽപ്പെടുത്താൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ? അങ്ങനെ ഗവൺമെൻറ് ആലോചിക്കുമോ? അങ്ങനെയായാൽ ഐ.ഡി.ബി. ഐ. യുടെ സഹായം ഇവർക്കുകൂടി ബാധകമാക്കാൻ കഴിയും. അതുകൊണ്ട് ഈ ഗവൺമെൻറ് അതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെടുമോ?

ശ്രീ. ഇ. അഹമ്മദ്: അതൊരു നിർദ്ദേശമാണ്.

LIBRARY ARCHIVES Kerala Legislative Assembly